നെൽ കർഷകർക്ക് ഇ.പി.ആർ.എസ്.

12(*100) ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. ആർ. സെൽവരാജ് :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകർഷകർക്ക് ഇ.പി.ആർ.എസ്. പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്):

(എ) നെൽകർഷകർക്ക് ഇ.പി.ആർ.എസ്. പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കർഷകരിൽനിന്ന് നെല്ല് കൈപ്പറ്റുമ്പോൾ സപ്ലൈകോയ്ക്ക് വേണ്ടി മില്ലുകൾ നല്കുന്ന രസീത് (PRS) ഇലക്ട്രോണിക് സംവിധാനത്തിലൂടെ POS device മുഖേന നൽകപ്പെടുന്നു. ഇതാണ് EPRS (Electronic Paddy Receipt Sheet). കർഷകർക്ക് രജിസ്ട്രേഷൻ സമയം മുതൽ പേമെന്റ് ഓഫീസർ പാസ്സാക്കുന്നതു വരെയും തുടർന്നും എല്ലാ വിവരങ്ങളും വിശദമായി വെബ്സൈറ്റിലൂടെ അറിയുവാൻ കഴിയുന്നു. വിവരങ്ങൾ യഥാസമയം വെബ്സൈറ്റിൽ update ചെയ്യപ്പെടുന്നതിനാൽ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നു.

(സി) നെല്ല് സംഭരണത്തിന് കർഷകർ ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ രേഖപ്പെടുത്തുന്ന മുഴുവൻ വിവരങ്ങളും മില്ലുകാർക്ക് നൽകിയിരിക്കുന്ന Hand held POS device-ലേക്ക് GPRS സംവിധാനം വഴി കൈമാറുകയും നെല്ല് മില്ലിൽ എത്തി സ്റ്റോക്കിൽ ഏറ്റെടുത്തതിനുശേഷം നെല്ലിന്റെ തൂക്കം ഉൾപ്പെടെയുള്ള അനുബന്ധ വിവരങ്ങൾ computer സംവിധാനത്തിലൂടെ ലഭ്യമാകുകയും ചെയ്യുന്നു. ഇപ്രകാരമുള്ള ഇലക്ട്രോണിക് നെല്ല് കൈപ്പറ്റ് രസീത് (EPRS) കർഷകർക്ക് ഇന്റർനെറ്റ് സൗകര്യമുള്ള ഏത് കമ്പ്യൂട്ടറിൽനിന്നും എപ്പോൾ വേണമെങ്കിലും പ്രിന്റ് എടുക്കാവുന്നതാണ്. EPRS സംവിധാനം 2014-15 ഒന്നാം സീസൺ മുതൽ നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly